**ക്ലാസ്സ് 10**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
Diploma Examination 2025-26

| ആകെ മാർക്ക് : 80 |
|---|
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

## പാർട്ട് 1

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5×1=5**

1. ക്രൈസ്തവ ജീവിതത്തിലെ പ്രഥമ വിദ്യാലയം
2. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച വർഷം
3. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന
4. "നമുക്കും പോയി അവനോടൊപ്പം മരിക്കാം." എന്ന് ആഹ്വാനം ചെയ്ത ക്രിസ്തു ശിഷ്യൻ
5. പരിസ്ഥിതിയുടെ മധ്യസ്ഥൻ

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **5×1=5**

***(സഹോദരസ്നേഹം, ഈജിപ്ത്, ഈശോയോടൊപ്പം ആയിരിക്കുക, ജീവിതസാക്ഷ്യം, ഇറ്റലി, മാർത്തോമ നസ്രാണികൾ)***

6. സ്ഥാപക ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന ഏകസഭ.
7. ഓരോ ക്രിസ്ത്യനിയുടേയും ഒന്നാമത്തെ മിഷൻ പ്രവർത്തനം.
8. ക്രൈസ്തവ സന്യാസത്തിന്റെ പിള്ളത്തൊട്ടിൽ.
9. വിശുദ്ധി നേടാനുള്ള ഒന്നാമത്തെ മാർഗ്ഗം.
10. ദൈവസ്നേഹത്തിന്റെ ഉരകല്ലായ ഘടകം.

**ഉചിതമായ ഉത്തരം ചേർത്ത് പൂരിപ്പിക്കുക.** **5×1=5**

11. മിശിഹായുടെ തുടർച്ചയും കൂദാശയുമാണ് ..........................................
12. വാ. ഫ്രെഡറിക് ഒസ്സാനാം സ്ഥാപിച്ച സംഘടനയാണ് ..............................
13. ഈശോ നടത്തിയ ഏറ്റവും വലിയ സുവിശേഷ പ്രഘോഷണമാണ് .......................
14. ശുശ്രൂഷ പൗരോഹിത്യത്തിന്റെ പൂർണ്ണത ..........................................
15. വൈദിക ശുശ്രൂഷയുടെ മുഖമുദ്ര .................................. ആണ്.

**നിങ്ങൾ ഓർമ്മിച്ച് വച്ചിട്ടുള്ള തിരുവചനങ്ങൾ പൂർത്തിയാക്കി എഴുതുക.** **3×1=3**

16. "ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്. നിങ്ങളാകട്ടെ ........................................." (1 കൊറി. 3:9)
17. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിന് എനിക്ക് അഹംഭാവത്തിന് വകയില്ല. അത് ................................" (1 കൊറി. 9:16)
18. "മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് .........................................." (മത്താ 5:16)

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക.** **7×2=14**

19. പുരോഹിതന്റെ അടിസ്ഥാന ദൗത്യമെന്ത്?
20. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്താണ്?
21. ഉത്ഥാനശേഷം ഈശോ ശിഷ്യർക്ക് നൽകിയ ദൗത്യവും ആഹ്വാനവും എന്ത്?

22. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് സഭാ നിലപാടുകൾ ഉൾക്കൊണ്ട നിങ്ങളുടെ വീക്ഷണം എന്തെന്ന് കുറിക്കുക.

23. സമർപ്പിത ജീവിതത്തിന്റെ സാരാംശം എന്താണ്?

24. പുരോഹിതന്റെ പ്രഘോഷണ ശുശ്രൂഷയെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം എന്താണ്?

25. ക്രൈസ്തവ വിവാഹത്തിന്റെ ലക്ഷ്യമെന്ത്?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **4×4=16**

26. പൗരോഹിത്യ ശുശ്രൂഷയുടെ വിവിധ മാനങ്ങൾ.

27. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമാണ് സന്യാസം വിശദമാക്കുക.

28. സഹോദരസ്നേഹം പ്രകടമാക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ഏവ?

29. സഭ ലോകത്തിന്റെ മനഃസാക്ഷിയാണ്. വിശദമാക്കുക.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** **1×5=5**

30. മാർതോമാ ക്രിസ്ത്യാനികളുടെ പ്രേഷിത സ്വഭാവം.

**വിശദമായി ഉത്തരമെഴുതുക. (ഏതെങ്കിലും ഒരെണ്ണം)** **1×7=7**

31. വിശ്വാസപരിശീലനക്കളരിയായ കുടുംബത്തിന്റെ പ്രേഷിത പ്രവർത്തനമാർഗ്ഗങ്ങൾ വിശദീകരിക്കുക.

*അല്ലെങ്കിൽ*

സംഘടിതമായ പ്രേഷിത പ്രവർത്തനത്തിനുള്ള ഉപാധികളാണ് കത്തോലിക്കാ സംഘടനകൾ. ഉദാഹരണ സഹിതം വിവരിക്കുക.

## പാർട്ട് 2

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** **4×1=4**

32. മതബോധത്തിന്റെ പ്രഥമവും സത്താപരവുമായ വിഷയം

33. മതപഠനത്തിന്റെ പാപ്പ

34. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടിയ മാർപാപ്പ

35. ബൈബിളിലെ പുസ്തകങ്ങൾ ദൈവനിവേശിതമെന്ന് പ്രഖ്യാപിച്ച സൂനഹദോസ്

**വചനവിളക്കിനെ അധികരിച്ച് ഉത്തരമെഴുതുക.** **2×2=4**

36. നമ്മുടെ സമ്പത്ത് മറ്റുള്ളവരുമായി പങ്കുവെയ്ക്കുമ്പോൾ നമുക്ക് ഉണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണമെന്നാണ് പൗലോസ് ശ്ലീഹാ 2 കൊറിന്തോസ് 8-ാം അധ്യായത്തിൽ ഓർമ്മിപ്പിക്കുന്നത്? (വാക്യം എഴുതുക)

37. വചന വിളക്കിൽ ഈ വർഷം പരിചയപ്പെട്ട വി. ഗ്രന്ഥഭാഗത്തിലെ പുസ്തകങ്ങൾ ഏതെല്ലാം?

**ഉപപാഠപുസ്തകത്തിനെ അധികരിച്ച് ഉത്തരമെഴുതുക.** **2×4=8**

38. ഈശോയുടെ ജീവിതം ഒരു കൗമാരക്കാരന് വലിയ മാതൃകയാണ്. വിശദമാക്കുക.

39. സൈബർ സെക്സിനെ കുറിച്ചുള്ള സഭാവീക്ഷണത്തിലെ ആശയങ്ങൾ കുറിക്കുക.

**നമസ്ക്കാരങ്ങൾ എഴുതുക.** **2×2=4**

40. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ.

41. ദുഃഖത്തിന്റെ 5-ാം ദിവ്യരഹസ്യം.